Catholic Focus

**Bible Quiz**
**Gospel of St. John**

Chapter 07

1. യഹൂദരുടെ ഏതു തിരുനാൾ സമീപിച്ചപ്പോഴാണ് സഹോദരന്മാർ അവനോട് യൂദായിൽ പോയി പ്രവർത്തിക്കുക എന്ന് പറഞ്ഞത്?
2. യേശു എപ്പോഴാണ് ദേവാലയത്തിൽ ചെന്ന് പഠിപ്പിക്കാൻ തുടങ്ങിയത്?
3. യേശുവിന് ഇത്ര അറിവ് എവിടുന്ന് കിട്ടി എന്നു പറഞ്ഞ് വിസ്മയിച്ച യഹൂദരോട് യേശു എന്താണ് പറഞ്ഞത്?
4. യേശു ക്രിസ്തു അല്ല എന്നതിന് അവർ കണ്ടെത്തിയ കാരണമെന്ത്?
5. ആരൊക്കെയാണ് യേശുവിനെ ബന്ധിക്കാൻ സേവകരെ വിട്ടത്?
6. നിങ്ങൾ എന്നെ അന്വേഷിക്കും കണ്ടെത്തുകയില്ല എന്ന് യേശു പറഞ്ഞപ്പോൾ യേശു എവിടെ പോകും എന്നാണ് അവർ വിചാരിച്ചത്?
7. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന് ---- അരുവികൾ ഒഴുകും.
8. ആത്മാവ് നൽകപ്പെടാതെ ഇരുന്നത് എന്തുകൊണ്ട്?
9. ക്രിസ്തു എവിടെ നിന്നും വരും എന്നാണ് വിശുദ്ധലിഖിതം പറയുന്നത്?
10. പുരോഹിത പ്രമുഖൻമാരും ഫരിസേയരും അയച്ച സേവകർ യേശുവിനെ കൊണ്ടു വരാതെ ഇരുന്നതിന് എന്താണ് കാരണം പറഞ്ഞത്?
11. ഒരുവന് പറയാനുള്ളത് ആദ്യം കേൾക്കാതെയും അവൻ എന്താണ് ചെയ്യുന്നത് എന്ന് അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ ആരാണ് ഇങ്ങനെ ചോദിച്ചത്?
12. യേശു ആരാണെന്ന് ഒക്കെയാണ് ജനങ്ങൾ അധ്യായം ഏഴ് അനുസരിച്ച് പറയുന്നത്?

Answers

For Catholic News : www.catholicfocus.in

1. കൂടാരതിരുന്നാൾ.
2. തിരുനാൾ പകുതിയായപ്പോൾ.
3. എന്റെ പ്രബോധനം എന്റെ സ്വന്തമല്ല എന്നെ അയച്ചവന്റെതത്രെ.
4. യേശു എവിടെ നിന്ന് വരുന്നു എന്ന് നമുക്കറിയാം. എന്നാൽ ക്രിസ്തു വരുമ്പോൾ എവിടെ നിന്നാണ് വരുന്നത് എന്ന് ആരും അറിയുകല്ലല്ലോ.
5. പുരോഹിതപ്രമുഖക്കന്മാരും ഫരിസേയരും.
6. ഗ്രീക്കുകാരുടെ ഇടയിൽ ചിതറി പാർക്കുന്നവരുടെ അടുക്കൽ പോയി ഗ്രീക്കുകാരെ പഠിപ്പിക്കാൻ.
7. ജീവജലത്തിന്റെ.
8. യേശു അതുവരെയും മഹത്യകരിക്കപ്പെടാതെ ഇരുന്നതുകൊണ്ട്.
9. ദാവീദിന്റെ സന്താന പരമ്പരയിൽ നിന്നും, ദാവിദിന്റെ ഗ്രാമമായ ബത്‌ലഹേമിൽ നിന്നും വരും എന്നാണ് വിശുദ്ധ ലിഖിതം പറയുന്നത്.
10. അവനെപ്പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല.
11. നിക്കോദമോസ്.
12. ഒരു നല്ല മനുഷ്യൻ, ഒരു പ്രവാചകൻ, ക്രിസ്തു, ( ജനങ്ങളെ വഴിപിഴിപ്പിക്കുന്നു12 word.)